# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.63/PR/PIC/PHQ/13 Date :05.07.2013

## കാണാതാകുന്നവരെ കണ്ടെത്താന്‍ ജില്ലകളില്‍ പ്രത്യേകം യൂണിറ്റുകള്‍

കാണാതാകുന്നവരെ കണ്ടെത്താന്‍ ജില്ലകളില്‍ പ്രത്യേക യൂണിറ്റുകള്‍ക്ക് രൂപം നല്‍കാന്‍ സംസ്ഥാന പൊലീസ് മേധാവി കെ.എസ്. ബാലസുബ്രമണ്യന്‍ നിര്‍ദ്ദേശം നല്‍കി. ഇത്തരത്തില്‍പ്പെട്ട ഏതാനും കേസുകളില്‍ അന്വേഷണം ഫലപ്രദമല്ലെന്നുമുള്ള കോടതി നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിലാണ് ഈ നടപടി. ഓരോ ജില്ലയിലും അസിസ്റ്റന്റ് കമ്മീഷണറോ ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പിയോ ആയിരിക്കും യൂണിറ്റിന്റെ തലവന്‍. നിലവിലുള്ള അന്വേഷണ ഉദ്യോഗസ്ഥരെ കൂടാതെ മൂന്നോ നാലോ സ്ഥാനക്കയറ്റം ലഭിച്ച എസ്.ഐമാരും മൂന്നോ നാലോ എ.എസ്.ഐമാരും ആവശ്യം വേണ്ട എച്ച് .സിമാരും, പി.സിമാരും ഈ യൂണിറ്റിലുണ്ടാകും.

ആരെയെങ്കിലും കാണാതായതായി പരാതി ലഭിച്ചാലുടന്‍ പോലീസ് എഫ്.ഐ.ആര്‍ രജിസ്റ്റര്‍ ചെയ്ത് സബ് ഇന്‍സ്പെക്ടര്‍/സ്റ്റേഷന്‍ ഹൗസ് ഓഫീസര്‍ നേരിട്ട് അന്വേഷണം നടത്തണം. 15 ദിവസത്തിനു ശേഷവും ആളിനെ കണ്ടെത്താന്‍ കഴിഞ്ഞില്ലെങ്കില്‍ പ്രസ്തുത അന്വേഷണം ജില്ലാ ട്രയ്സിങ് യൂണിറ്റ് ഏറ്റെടുക്കണം. ജില്ലാ യൂണിറ്റ് മേധാവിയുടെ നേരിട്ടുള്ള മേല്‍ നോട്ടത്തില്‍, പ്രസുതുത അന്വേഷണം ആരംഭിച്ച എസ്.ഐ/എസ്.എച്ച്.ഒ തന്നെ അന്വേഷണ ഉദ്യോഗസ്ഥനായി തുടരണം. അന്വേഷണം ഏറ്റെടുത്താല്‍ ഉടനെ തന്നെ മൂന്നോ നാലോ എസ്.ഐമാരെയും എ.എസ്.ഐമാരെയും ആവശ്യത്തിനു മറ്റു പോലീസുകാരെയും ഉള്‍പ്പെടുത്തി പ്രത്യേക അന്വേഷണസംഘം രൂപീകരിക്കണം. ഇവരെ രണ്ടോ മൂന്നോ സംഘങ്ങളാക്കി തിരിച്ച് ആവശ്യമെങ്കില്‍ മറ്റ് സംസ്ഥാനങ്ങളില്‍ ഉള്‍പ്പെടെ അന്വേഷിക്കുന്നതിനുള്ള ചുമതലകള്‍ നല്‍കണം. ഇക്കാര്യത്തില്‍ ജില്ലാ സൈബര്‍ സെല്ലുകളുടെ സൗകര്യങ്ങളും സഹകരണവും ട്രയ്സിങ് യൂണിറ്റിന്റെ മേധാവി ഉറപ്പാക്കണം. trackthemissingchild.gov.in എന്ന സൈറ്റിലെ സൗകര്യങ്ങളും വിവരങ്ങളും ഇതിനായി ഉപയോഗപ്പെടുത്താം. അന്വേഷണ സംഘത്തിന്റെ പ്രവര്‍ത്തനങ്ങള്‍ സമയാസമയങ്ങളില്‍ സി.ഡി. ഫയലില്‍ രേഖപ്പെടുത്തി സൂക്ഷിക്കണം. കാണാതായവരെ പതിനഞ്ചു ദിവസത്തിനു ശേഷവും കണ്ടെത്താനാകാത്ത കേസുകള്‍ തുടര്‍ന്നുള്ള ഒന്നിടവിട്ട ദിവസങ്ങളില്‍ സി.ഐയും നാലു ദിവസം കൂടുമ്പോള്‍ വീതം ഡിവൈ.എസ്.പിമാരും ആഴ്ചയിലൊരിക്കല്‍ എസ്.പിയും മാസത്തിലൊരിക്കല്‍ റേഞ്ച് ഐ.ജിയും പരിശോധിച്ചു വിലയിരുത്തി അന്വേഷണം ശക്തിപ്പെടുത്താനുള്ള നടപടികളെടുക്കണം.

തുടക്കമെന്ന നിലയില്‍ ഇപ്പോള്‍ കാണാതായതായി റിപ്പോര്‍ട്ട് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ പെണ്‍കുട്ടികളുടെയും വനിതകളുടെയും കുട്ടികളുടെയും കേസുകള്‍ ഈ സംവിധാനത്തിനു കീഴില്‍ കൊണ്ടുവരണമെന്നും സംസ്ഥാന പൊലീസ് മേധാവി നിര്‍ദ്ദേശം നല്‍കി.


The contents of this document may be deemed to be based on received information which is subject to further verification